

# സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ



## 11. സാംഖ്യദർശനം

സമ്പൂർണ്ണകൃതികൾ: ഭാഗം V

കെ. ദാമോദരൻ

(മലയാളം: രാഷ്ട്രീയം, ചരിത്രം)

കെ. ദാമോദരൻ എഡിറ്റോറിയൽ കമ്മിറ്റി

- ആന്റണി തോമസ്
- സി. എൻ. ജയദേവൻ
- എം. പി. അച്യുതൻ
- ഐ. വി. ശശാങ്കൻ
- ഡോ. വള്ളിക്കാവ് മോഹൻദാസ്

© 2009–2020 Prabhatham Printing & Publishing Co. (P) Ltd., Trivandrum, owned by Communist Party of India, Trivandrum.

Printed editions published by Prabhatham Printing & Publishing Co. (P) Ltd.

First published in print media 2009.

The electronic versions are released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Mansu Hill Grand Monument, a picture of sculpture by Jennybento. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


11 സാംഖ്യദർശനം . . . . . . . . . . . . . . . . . . . . . . . . . 1

1 സാംഖ്യത്തിന്റെ കാലം . . . . . . . . . 2

2 സാംഖ്യത്തിന്റെ ലക്ഷ്യം . . . . . . . 3

3 സത്കാര്യവാദം . . . . . . . . . . . . . 4

4 പ്രകൃതിയുടെ പരിണാമങ്ങൾ . . . . . 5

5 ത്രിഗുണങ്ങൾ . . . . . . . . . . . . . 6

6 സാംഖ്യത്തിന്റെ സംഭാവന . . . . . . 7

7 മനഃശ്ശാസ്ത്രപരമായ വ്യാഖ്യാനം . . . . 8

8 പുരുഷനും ഈശ്വരനും . . . . . . . . . 9

9 പുരുഷന്റെ പങ്ക് . . . . . . . . . . . . . 10

10 ശങ്കരന്റെ വിമർശനം . . . . . . . . . 11

11 ചലനാത്മകമായ നിത്യസത്ത . . . . 12

# 11

## സാംഖ്യദർശനം

വേദപ്രമാണങ്ങളുടെ ആധികാരികതയെയോ പൗരോഹിത്യത്തിന്റെ വിധി നിഷേധങ്ങളെയോ ദിവ്യങ്ങളായ വെളിപാടുകളെയോ ആശ്രയിക്കാതെ കേവലം യുക്തിയിലധിഷ്ഠിതമായ അനുമാനങ്ങളുടെ സഹായത്തോടുകൂടി ഭൗതികസത്തയാണ് പ്രപഞ്ചത്തിന്റെ ആദികാരണമെന്നും അവ്യക്തവും ജഡവുമായ മൂലപ്രകൃതിയുടെ പരിണാമപ്രക്രിയകളിലൂടെയാണ് അചേതനങ്ങളും സചേതനങ്ങളുമായ സർവചരാചരങ്ങളും ഉത്ഭവിച്ചത് എന്നും പ്രഖ്യാപിച്ച സാംഖ്യദർശനം പ്രാചീനേന്ത്യയിലെ ചിന്താശീലരായ ജനങ്ങൾക്കിടയിൽ ഏറ്റവുമധികം സ്വാധീനം നേടിയ ദർശനങ്ങളിലൊന്നാണ്. എണ്ണം, കണക്കുകൂട്ടൽ, ബുദ്ധി, വിവേകം, യുക്തി എന്നൊക്കെ അർത്ഥമുള്ള സംഖ്യയെന്ന വാക്കിൽ നിന്നാണ് സാംഖ്യം എന്ന പദമുത്ഭവിച്ചത് എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. യുക്തിയുക്തവും വിവേകപൂർണ്ണവും ആയ തത്വശാസ്ത്രം എന്ന അർത്ഥത്തിലോ ഇരുപത്തഞ്ച് തത്വങ്ങളെ പരിഗണിച്ച് വിശകലനം ചെയ്യുന്ന തത്വശാസ്ത്രം എന്ന അർത്ഥത്തിലോ ആയിരിക്കാം ഈ ദർശനത്തിന് സാംഖ്യം എന്ന പേർ നൽകപ്പെട്ടത്.

കപിലനാണ് സാംഖ്യദർശനത്തിന്റെ സ്ഥാപകൻ എന്നു വിശ്വസിക്കപ്പെടുന്നു. എന്നാൽ അദ്ദേഹത്തിന്റെ ജീവിതത്തെപ്പറ്റിയോ കൃതികളെപ്പറ്റിയോ വ്യക്തവും ചരിത്രപരവുമായ വിവരങ്ങളൊന്നുമില്ല. ഗാർബേ പറഞ്ഞതുപോലെ, "കപിലനെപ്പറ്റിയുള്ള ഒരേയൊരു ഐതിഹ്യം കപിലവസ്തുവാണ്. കപിലന്റെ വാസസ്ഥാനമെന്നാണ് ആ വാക്കിന്റെ അർത്ഥം. ആ ആദിപണ്ഡിതനെ ആദരിക്കാൻ വേണ്ടിയാണ് ആ സ്ഥലത്തിന് അങ്ങനെയൊരു പേർ നൽകപ്പെട്ടത്. പക്ഷേ, അദ്ദേഹം അവിടെയാണ് ജനിച്ചത് എന്നോ അവിടെ ജീവിച്ചിരുന്നുവെന്നോ പറയാൻ തെളിവുകളില്ല". [1]

---

1. Richard Garbe: An introduction to Anirudha's Commentary on Madhavacharya's Interpretation of the Sankhya Tenets.

## 1 സാംഖ്യത്തിന്റെ കാലം

ബുദ്ധന്റെയും മഹാവീരന്റെയും കാലത്തിനു മുമ്പുതന്നെ കപിലന്റെ ആശയങ്ങൾ പ്രചരിക്കാൻ തുടങ്ങിയിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. അശ്വഘോഷൻ തന്റെ ‘ബുദ്ധചരിതം’ എന്ന ഗ്രന്ഥത്തിൽ ബുദ്ധന് മുമ്പുണ്ടായിരുന്ന സാംഖ്യവാദികളായ ചില ആചാര്യന്മാരെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. “ലോകചരിത്രത്തിലാദ്യമായി കപിലന്റെ സിദ്ധാന്തത്തിലാണ് മനുഷ്യമനസ്സിന്റെ പൂർണ്ണമായ സ്വാതന്ത്ര്യവും സ്വന്തം ശക്തികളിലുള്ള തികഞ്ഞ വിശ്വാസവും പ്രകടിപ്പിക്കപ്പെട്ടത്” [2] എന്ന് ഗാർബേ അഭിപ്രായപ്പെടുന്നു. ഡേവീസ് എഴുതുന്നതിങ്ങനെയാണ്: “രേഖപ്പെടുത്തപ്പെട്ടേടത്തോളം, മനുഷ്യന്റെ സ്വഭാവവും ബന്ധങ്ങളും, അവന്റെ ഭാവി എന്നിവയെ സംബന്ധിച്ചെല്ലാം ചിന്താശീലനായ ഏതൊരാളുടെയും മനസ്സിലുയർന്നുവരുന്ന നിഗൂഢങ്ങളായ പ്രശ്നങ്ങൾക്ക് കേവലം യുക്തിയുടെ സഹായത്തോടുകൂടി സമാധാനം കണ്ടെത്താനുള്ള ഏറ്റവും പ്രാചീനമായ ഒരു പരിശ്രമമാണത്”. [3]

ചില ആധുനികപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ സാംഖ്യദർശനം അനാര്യന്മാരായ ആദിമനിവാസികളുടെ ചിന്തകളിൽ നിന്നാണ് ആവിർഭവിച്ചത്. ഉദാഹരണത്തിന് സിമ്മർ എഴുതുന്നു:

> “ഭാഗികമായി ചരിത്രരൂപത്തിലും ഭാഗികമായി പൗരാണികരൂപത്തിലും തീർത്ഥങ്കരന്മാരുടെ നീണ്ട പരമ്പരയ്ക്കും മുമ്പ് വിദൂരവും അവൈദികവുമായ ആദിമസമുദായത്തിന്റെ പഴമയിലാണ് സാംഖ്യയോഗദർശനങ്ങളുടെ ഉത്ഭവം ആരായേണ്ടത്”. [4]

ഗാർബേയുടെ അഭിപ്രായമിതാണ്: “ഇന്ത്യയിൽ ബ്രാഹ്മണമതത്തിനു പറയത്തക്ക സ്വാധീനമില്ലാതിരുന്ന പ്രദേശങ്ങളിലാണ് ലോകത്തിന്റെയും മനുഷ്യാസ്തിത്വത്തിന്റെയും നിഗൂഢതകളെ വെളിപ്പെടുത്താനുള്ള ആദ്യത്തെ ശ്രമങ്ങൾ നടന്നത് എന്ന് നമ്മൾ മനസ്സിലാക്കിയാലേ സാംഖ്യത്തിന്റെ ഉത്ഭവം ശരിയായ വെളിച്ചത്തിൽ പ്രത്യക്ഷപ്പെടുകയുള്ളൂ”. [5]

വർണ്ണവ്യത്യാസങ്ങളുടെ ആവിർഭാവത്തിന് മുമ്പ് മാതൃമേധാവിത്വം നിലനിർത്തിപ്പോന്നിരുന്ന അനാര്യഗോത്രസമുദായക്കാരുടെ തന്ത്രകർമ്മങ്ങളാണ് സാംഖ്യദർശനത്തിന്റെ ഉറവിടമെന്നും തന്ത്രത്തിലെ സ്ത്രീയാണ് പിന്നീട് സാംഖ്യത്തിലെ പ്രകൃതിശക്തിയായി പരിഗണിക്കപ്പെട്ടത് എന്നും ദേവീപ്രസാദ് ചതോപാദ്ധ്യായ വാദിക്കുന്നു. [6]

പക്ഷേ, വർണ്ണവ്യവസ്ഥയുടെ ആവിർഭാവത്തിനു മുമ്പുണ്ടായിരുന്ന അപരിഷ്കൃതകുലഗോത്ര സമുദായക്കാരുടെയിടയിൽ സാംഖ്യംപോലുള്ള സങ്കീർണ്ണങ്ങളായ ദർശനങ്ങൾ പ്രാരംഭ രൂപത്തിലെങ്കിലും നിലനിന്നിരുന്നുവെന്നു കരുതാൻ പ്രയാസമുണ്ട്. എന്തെന്നാൽ, നമ്മൾ മറ്റൊരദ്ധ്യായത്തിൽ കണ്ടുകഴിഞ്ഞപോലെ, പ്രവൃത്തിവിഭജനവും വർണ്ണവ്യവസ്ഥയും ആവിർഭവിച്ചതിനുശേഷം മാത്രമാണ് ദർശനങ്ങളുടെ വളർച്ചയ്ക്കാവശ്യമായ സാഹചര്യങ്ങളുളവായത്. സാംഖ്യം ബ്രാഹ്മണവൈദികചിന്തകളുടെ പാരമ്പര്യത്തിൽ പെട്ടതല്ലെന്നു പറയുന്നത് ശരിയായിരിക്കാം. പക്ഷേ, ബ്രാഹ്മണമേധാവിത്വത്തിൻകീഴിൽ വർണ്ണസംഘട്ടനങ്ങളും സാമൂഹ്യാസമത്വങ്ങളും മൂർച്ഛിക്കാൻ തുടങ്ങിയ കാലഘട്ടത്തിലാണ് അത് ഒരു സ്വയംസംപൂർണ്ണമായ ദർശനമായി വളരാൻ തുടങ്ങിയത്. നിലവിലുണ്ടായിരുന്ന ബ്രാഹ്മണവൈദികചിന്തകളുമായി മല്ലിട്ടുകൊണ്ടാണ് അത് പുഷ്ടിപ്പെട്ടത്. ഇക്കാര്യം ഗാർബേ തന്നെ സമ്മതിക്കുന്നുണ്ട്. “പ്രത്യക്ഷത്തിൽ ഉറച്ച ആത്മീയവാദത്തിന്റെ പ്രചരണത്തിനെതിരായ പ്രതികരണമെന്ന നിലയ്ക്കാണ് സാംഖ്യദർശനം സ്ഥാപിതമായത്? [7] എന്നദ്ദേഹം എഴുതുന്നു. പക്ഷേ, സാംഖ്യത്തിന്റെ മുഖ്യമായ ചില ആശയങ്ങൾ ചാതുർവർണ്യത്തിന്റെ പ്രാരംഭഘട്ടങ്ങളിൽ തന്നെ നിലനിന്നിരുന്നു എന്നു കരുതുന്നതിൽ തെറ്റില്ല. ഛാന്ദോഗ്യം, ശ്വേതാശ്വതരം, കഠം, പ്രശ്നം എന്നീ ഉപനിഷത്തുകളിൽ അവയുടെ പ്രാരംഭരൂപങ്ങൾ കാണാം. [8] ഉപനിഷത്തുകൾ തങ്ങളുടെ തത്വചിന്തകൾക്ക് സ്ഥിരീകരണം നൽകുന്നുണ്ടെന്ന സാംഖ്യന്മാരുടെ അവകാശവാദത്തെ വേദാന്ത സൂത്രത്തിന്റെ കർത്താവായ ബാദരായണൻ വെല്ലുവിളിക്കുകയുണ്ടായി. [9] ഉപനിഷത്തുക്കളിൽ വേദാന്തത്തിനല്ലാതെ മറ്റൊരു തത്വചിന്തയ്ക്കും സ്ഥാനമില്ലെന്ന് അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു. പക്ഷേ, നാലാമദ്ധ്യായത്തിൽ വ്യക്തമായതുപോലെ, ഉപനിഷത്തുകളിൽ വ്യത്യസ്തങ്ങളായ പലതരം തത്വചിന്തകളടങ്ങിയിട്ടുണ്ട്. അവയിൽ ആത്മീയവാദത്തിലടിയുറച്ച വൈദികചിന്തകളും കാണാം; വൈദികചിന്തകൾക്കെതിരായ ഭൗതികവാദചിന്തകളും കാണാം. അതുകൊണ്ട് വേദാന്തത്തിനെന്നപോലെ സാംഖ്യത്തിനും ഉപനിഷത്തുകളുടെ പിൻബലമുണ്ടെന്ന് സമ്മതിക്കുന്നതിൽ യാതൊരു പൊരുത്തക്കേടുമില്ല. മഹാഭാരതത്തിലെ ശാന്തിപർവത്തിൽ ഒരിടത്ത് സർവവേദങ്ങളിൽ നിന്നും (അതായത് സംഹിത, ബ്രാഹ്മണം മുതലായവയിൽ നിന്നെല്ലാം) സ്വതന്ത്രമായ രണ്ടു സനാതനധർമ്മങ്ങളെന്ന നിലയ്ക്കാണ് സാംഖ്യവും യോഗവും പരാമർശിക്കപ്പെടുന്നത്. വേറൊരിടത്ത് എല്ലാറ്റിന്റെയും മൂലകാരണം പ്രകൃതിയാണെന്ന് മനസ്സിലാക്കുന്നവന് ദുഃഖങ്ങളെ തരണം ചെയ്യാൻ കഴിയുമെന്നു പറയുന്നു. വേറൊരിടത്ത് സാംഖ്യത്തിലെ ഇരുപത്തിനാലു തത്വങ്ങളെപ്പറ്റിയും നിത്യവും ആദ്യന്തവിഹീനവുമായ പ്രകൃതിയുടെ പരിണാമപ്രക്രിയകളെപ്പറ്റിയും പ്രതിപാദിക്കുന്നു. [10] ഭഗവദ്ഗീതയിൽ സാംഖ്യദർശനത്തിന് ഏറ്റവും പ്രധാനമായ സ്ഥാനമാണ് നൽകപ്പെട്ടിട്ടുള്ളത്. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ സാംഖ്യം പഠിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി എടുത്തുപറഞ്ഞിട്ടുണ്ട്. ചരകന്റെ സംഹിതയിൽ തികച്ചും നിരീശ്വരവാദപരവും വേദവിരുദ്ധവുമായ ഒരു ദർശനമായിട്ടാണ് സാംഖ്യം വിശദീകരിക്കപ്പെടുന്നത്. ഗാർബേ എഴുതുന്നു:

> “സാംഖ്യദർശനം, അതിന്റെ സാരാംശത്തിൽ, നിരീശ്വരവാദപരം മാത്രമല്ല, വേദവിരുദ്ധവുമായിരുന്നു. നമുക്ക് ലഭിച്ചിട്ടുള്ള സാംഖ്യഗ്രന്ഥങ്ങളിൽ സ്മൃതിയെ ആശ്രയിക്കുന്ന ഭാഗങ്ങളെല്ലാം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടവയാണ്. ഇങ്ങനെ കൂട്ടിച്ചേർക്കപ്പെട്ട വൈദികാംശങ്ങളെ മുഴുവൻ നീക്കം ചെയ്താൽ പോലും സാംഖ്യദർശനത്തിന് ഒട്ടുംതന്നെ കോട്ടം തട്ടുകയില്ല. ആരംഭത്തിൽ — യഥാർത്ഥമായ ഉള്ളടക്കം നോക്കിയാൽ ഇന്നും — അത് അവൈദികവും ബ്രാഹ്മണപാരമ്പര്യങ്ങളിൽ നിന്നു സ്വതന്ത്രവുമാണ്. പിൽക്കാലത്ത് സാംഖ്യം ആസ്തികദർശനമായി കണക്കാക്കപ്പെട്ടുവെങ്കിൽ അതിൽ അത്ഭുതപ്പെടുവാനില്ല. സ്വന്തമായ ഗുണവിശേഷങ്ങളോടുകൂടിയ സാംഖ്യം വേദാന്തത്തിന്റെ ആത്മീയവാദത്തിനു മുമ്പിൽ തല കുനിച്ചില്ലെന്നാണ് ഇതു കാണിക്കുന്നത്”. [11]

ഇതിൽ നിന്നെല്ലാം സാംഖ്യത്തിന്റെ പഴക്കത്തെപ്പറ്റിയും വിപുലമായ സ്വാധീനത്തെപ്പറ്റിയും കുറെയൊക്കെ ഊഹിക്കാം. എന്നാൽ, മൗലികങ്ങളായ സാംഖ്യഗ്രന്ഥങ്ങളൊന്നും തന്നെ നമുക്കു കിട്ടിയിട്ടില്ല. സാംഖ്യപ്രവചനസൂത്രം കപിലന്റെ കൃതിയാണെന്നു വിശ്വസിക്കപ്പെട്ടിരുന്നു. പക്ഷേ, അത് പതിനാലാം നൂറ്റാണ്ടിലെയോ പതിനഞ്ചാം നൂറ്റാണ്ടിലെയോ കൃതിയാണെന്ന് തെളിഞ്ഞുകഴിഞ്ഞിരിക്കുന്നു. ഏറ്റവും പഴക്കമുള്ള സമ്പൂർണ്ണകൃതി ഈശ്വരകൃഷ്ണമസൂരിയുടെ സാംഖ്യകാരികയാണ്. അതാണ് സാംഖ്യദർശനത്തെക്കുറിച്ച് ഇന്നു നിലവിലുള്ള ഏറ്റവും ആധികാരികമായ ഗ്രന്ഥം എന്നുതോന്നുന്നു. പക്ഷേ, അത് രചിക്കപ്പെട്ടത് രണ്ടാം നൂറ്റാണ്ടിനു മുമ്പാവാനിടയില്ല. ചിലരുടെ അഭിപ്രായത്തിൽ അഞ്ചാം നൂറ്റാണ്ടിലാണ്. എട്ടാം നൂറ്റാണ്ടിൽ ഗൗഡപാദൻ സാംഖ്യകാരികയ്ക്ക് ഒരു ഭാഷ്യം എഴുതുകയുണ്ടായി. ഒമ്പതാം നൂറ്റാണ്ടിൽ വാചസ്പതി മിശ്രൻ എഴുതിയ സാംഖ്യതത്വകൗമുദിയാണ് മറ്റൊരു ഭാഷ്യം. പതിനാറാം നൂറ്റാണ്ടിൽ വിജ്ഞാനഭിക്ഷു സാംഖ്യപ്രവചനസൂത്രത്തിന്റെ ഒരു ഭാഷ്യവും രചിക്കുകയുണ്ടായി. ഈ നീണ്ട കാലത്തിനിടയ്ക്ക് സാംഖ്യചിന്തകൾക്ക് സാരമായ മാറ്റങ്ങൾ വന്നുചേർന്നു എന്നു പറയേണ്ടതില്ലല്ലോ. എങ്കിലും ഇത്തരം ഗ്രന്ഥങ്ങളും സാംഖ്യവിരോധികളായ ആത്മീയവാദികളുടെ വിമർശനങ്ങളും പരിശോധിച്ചാൽ സാംഖ്യത്തിന്റെ മൗലികാശയങ്ങളെപ്പറ്റിയുള്ള ഒരു സാമാന്യജ്ഞാനം സമ്പാദിക്കാൻ സാധിക്കും.

---

2. Richard Garbe: Ancient Indian Philosophy.
3. Davies: Hindu Philosophy.
4. Heinrich Zimmer: Philosophies of India, P. 281.
5. Garbe, Op. cit.
6. Debi Prasad Chattopadyaya: Lokayata.
7. O. P. Cit.
8. ഛാന്ദോഗ്യം V. 1, 4, 1; ശ്വേതാശ്വതര IV. 5, 10, 12, 16; കഠം I, 3, 10, 3; പ്രശ്നം VI. 20.
9. വേദാന്തസൂത്രം: I. 1. 511; II. 1. 13.
10. മഹാഭാരതം, ശാന്തിപർവം.
11. Garbe, op. cit.

# 2 സാംഖ്യത്തിന്റെ ലക്ഷ്യം

സാംഖ്യകാരികയിലെ "ദുഃഖത്രയാഭിഘാതാജ്ജിജ്ഞാസാ തദപഘാതകേഹേതൗ" എന്ന തുടങ്ങുന്ന ഒന്നാമത്തെ കാരികയിൽ സാംഖ്യദർശനത്തിന്റെ ലക്ഷ്യമെന്തെന്നു വ്യക്തമാക്കുന്നുണ്ട്. എല്ലാത്തരം ദുഃഖങ്ങളെയും പീഡകളെയും വേദനകളെയും ഉന്മൂലനം ചെയ്യാൻ പറ്റിയ മാർഗ്ഗം കണ്ടുപിടിക്കലാണ് ലക്ഷ്യം. മനുഷ്യൻ ആദ്ധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്നിങ്ങനെ മൂന്നു തരത്തിലുള്ള ദുഃഖങ്ങൾക്കിരയാവാറുണ്ട്. ആന്തരികദുഃഖങ്ങൾക്ക്, അതായത് ക്ഷയം, പനി മുതലായ ശാരീരികരോഗങ്ങളിൽ നിന്നോ കാമക്രോധമോഹമദമാത്സര്യാദി മാനസികരോഗങ്ങളിൽ നിന്നോ ഉത്ഭവിക്കുന്ന ദുഃഖങ്ങൾക്ക്, ആദ്ധ്യാത്മിക ദുഃഖങ്ങൾ എന്നുപറയുന്നു. പുറമേ നിന്നുണ്ടാകുന്ന, അതായത്, ശത്രുക്കൾ, തസ്കരന്മാർ മുതലായവരിൽ നിന്നോ പക്ഷിമൃഗാദികൾ, പാമ്പുകൾ, കീടങ്ങൾ മുതലായ ഹിംസ്രജീവികളിൽ നിന്നോ ഉണ്ടാകുന്ന ദുഃഖങ്ങൾ ആധിഭൗതികങ്ങളാണ്. അലൗകികങ്ങളായ ദുഃഖങ്ങൾക്ക്, അതായത്, അതിവൃഷ്ടി, അനാവൃഷ്ടി, ഭൂകമ്പം തുടങ്ങിയ പ്രകൃതികോപങ്ങളിൽ നിന്നുണ്ടാകുന്ന ദുഃഖങ്ങൾക്ക് ആധിദൈവികദുഃഖങ്ങൾ എന്നു പറയുന്നു. ഈ ദുഃഖത്രയത്തിൽ നിന്നു മോചനം നേടാനുള്ള ഉപായങ്ങളെപ്പറ്റിയാണ് സാംഖ്യദർശനം പ്രതിപാദിക്കുന്നത്. താൽക്കാലിക പരിഹാരം കൊണ്ട് കാര്യമില്ല. ശാരീരികവും മാനസികവുമായ രോഗങ്ങൾക്ക് ചികിത്സകൊണ്ട് താൽക്കാലികശമനം കിട്ടുമായിരിക്കാം. പക്ഷേ, ഒരു രോഗം മാറുമ്പോഴേക്കും മറ്റൊരു രോഗം പിടികൂടിയെന്നുവരും. എല്ലാത്തരം വേദനകളിൽ നിന്നുമുള്ള ശാശ്വതമായ മോചനമാണാവശ്യം. യാഗാദികർമ്മങ്ങൾ കൊണ്ട് മോക്ഷം നേടുക എന്ന വൈദികമാർഗ്ഗം സ്വീകാര്യമല്ല. ഒന്നാമത്, യാഗങ്ങൾ ഹിംസ കലർന്നവയാണ്. അതുകൊണ്ട് അവ അവിശുദ്ധങ്ങളാണ്. രണ്ടാമത്, സ്വർഗ്ഗവും മോക്ഷവുമില്ല, ഐഹികദുഃഖങ്ങളിൽ നിന്നുള്ള മോചനമാണാവശ്യം. സാംഖ്യദർശനമനുസരിച്ച് അതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗം വ്യക്താവ്യക്തവിജ്ഞാനമാണ്. അതായത്, അവ്യക്തമായ മൂലപ്രകൃതിയെപ്പറ്റിയും ജ്ഞാതാവായ പുരുഷനെപ്പറ്റിയുമുള്ള വിശേഷജ്ഞാനം. ഈ ജ്ഞാനം നേടണമെങ്കിൽ ആദ്യമായി സത്കാര്യവാദമെന്ന സിദ്ധാന്തം മനസ്സിലാക്കണം. സത്കാര്യവാദമാണ് സാംഖ്യദർശനത്തിന്റെ അടിത്തറയെന്നുപറയാം.

## 3 സത്കാര്യവാദം

കാര്യകാരണബന്ധങ്ങളെപ്പറ്റിയുള്ള സാംഖ്യസിദ്ധാന്തത്തിനാണ് സത്കാര്യവാദമെന്നുപറയുന്നത്. പ്രപഞ്ചത്തിലെ ഓരോ പ്രതിഭാസത്തിനും അതിന്റേതായ കാരണമുണ്ട്. ഓരോ കാരണവും അതിന്റേതായ ഫലമുളവാക്കുന്നു. കാര്യകാരണങ്ങൾ അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു. അഭേദ്യങ്ങളും സങ്കീർണ്ണങ്ങളുമായ ആയിരമായിരം കാര്യകാരണബന്ധങ്ങളുടെ ആകെത്തുകയാണ് ദൃശ്യപ്രപഞ്ചം.

കാര്യകാരണബന്ധങ്ങളെക്കുറിച്ച് മറ്റു ദർശനങ്ങളും പ്രതിപാദിക്കുന്നുണ്ട്. അവയിൽ നിന്ന് വ്യത്യസ്തമാണ് സാംഖ്യത്തിലെ പ്രതിപാദനം. എന്തെന്നാൽ, ഓരോ കാര്യത്തിനും ഓരോ കാരണമുണ്ടെന്നും കാരണമില്ലാതെ കാര്യമില്ലെന്നും കാരണവും കാര്യവും തമ്മിലുള്ള ബന്ധം അഭേദ്യമാണെന്നും മാത്രമല്ല സാംഖ്യം വാദിക്കുന്നത്. സത്കാര്യവാദമനുസരിച്ച് കാര്യം കാരണത്തിലടങ്ങിയിരിക്കുന്നു. ഉദാഹരണത്തിന്, തൈര് പാലിൽ നിന്നുണ്ടാകുന്നു, പാലിൽ നിന്നേ ഉണ്ടാകൂ, വെള്ളത്തിൽ നിന്നുണ്ടാവില്ല. ഇതിന്റെ അർത്ഥം പാൽ തൈരിന്റെ കാരണമാണെന്നു മാത്രമല്ല, തൈര് സൂക്ഷ്മരൂപത്തിൽ അതിന്റെ കാരണമായ പാലിൽ അന്തർഭവിച്ചു കിടക്കുന്നു എന്നു കൂടിയാണ്. ഇതുപോലെ തന്നെയാണ് എണ്ണ എള്ളിൽ നിന്നുണ്ടാകുന്നതും വിറകിൽ നിന്ന് ഉണ്ടാകാത്തതും. എണ്ണയുടെ സൂക്ഷ്മരൂപങ്ങൾ എള്ളിൽ തന്നെ അന്തർഭവിച്ചു കിടക്കുന്നുണ്ട്. കുശവൻ കളിമണ്ണിൽ നിന്നാണ് കുടമുണ്ടാക്കുന്നത്, തുണിയിൽ നിന്നല്ല. കാരണത്തിന്റെ രൂപഭേദം അല്ലെങ്കിൽ പരിണാമം മാത്രമാണ് കാര്യം. പുരുഷപ്രയത്നം പുതുതായി ഒന്നും സൃഷ്ടിക്കുന്നില്ല; കാരണത്തിൽ അപ്രത്യക്ഷമായി സ്ഥിതി ചെയ്യുന്ന കാര്യത്തെ അഭിവ്യക്തമാക്കുക മാത്രമേ ചെയ്യുന്നുള്ളൂ. ഇല്ലായ്മയിൽ നിന്ന് ഒന്നും ഉണ്ടാവുകയില്ല (നാവസ്തുനോ വസ്തുസിദ്ധിഃ) ഉള്ളത് ഇല്ലാതാവുകയുമില്ല. ബൗദ്ധന്മാരുടെ അഭിപ്രായത്തിൽ കാരണത്തിന്റെ നാശത്തിൽ നിന്നാണ് കാര്യമുണ്ടാകുന്നത്; ഒന്നു നശിച്ചാലേ മറ്റൊന്നുണ്ടാകൂ. സാംഖ്യന്മാരുടെ അഭിപ്രായത്തിലാകട്ടെ, കാര്യവും കാരണവും ഒന്നിന്റെ തന്നെ വികസിതവും (വ്യക്തവും) അവികസിതവും (അവ്യക്തവും) ആയ അവസ്ഥാവിശേഷങ്ങളാണ്.

ബ്രഹ്മമല്ലാതെ മറ്റൊന്നും സത്തല്ലെന്നും വസ്തുനിഷ്ഠമായ ദൃശ്യപ്രപഞ്ചം യഥാർത്ഥത്തിൽ അസത്താണെന്നുമാണ് വേദാന്തികൾ വാദിച്ചത്. അവരുടെ അഭിപ്രായത്തിൽ ബ്രഹ്മം സത്തും പ്രപഞ്ചം അസത്തുമാണ്. സത്തായ കാരണത്തിൽ നിന്ന് അസത്തായ കാര്യമുണ്ടാകുന്നു. (സതോ ʃസജ്ജായതേ). ഈ വാദത്തെ ഖണ്ഡിച്ചുകൊണ്ട് സത്തു തന്നെയാണ് കാര്യം എന്ന് സാംഖ്യന്മാർ ഉറപ്പിച്ചുപറഞ്ഞു. ഇതു തെളിയിക്കാൻ അവർ അഞ്ചു കാരണങ്ങളുന്നയിച്ചു: [12]

1. ഇല്ലാത്തതിന്, അല്ലെങ്കിൽ അസത്തിന്, കാരണത്തിന്റെ ആവശ്യമില്ല. അസത്ത് അകാരണമാകയാൽ കാര്യം സത്താണ്. അസത്തായിരുന്നുവെങ്കിൽ അതിന് കാരണമുണ്ടാകുമായിരുന്നില്ല. നമുക്ക് ചുറ്റും കാണപ്പെടുന്ന ഓരോ വസ്തുവിനും കാരണമുണ്ട്. അതുകൊണ്ട് പ്രപഞ്ചമാകുന്ന കാര്യം അസത്തല്ല, സത്താണ്. (സദകാരണാത്).
2. ഓരോന്നിനും അതിന്റേതായ കാരണമാണുള്ളത്. തൈരുണ്ടാക്കണമെങ്കിൽ പാൽ വേണം. എണ്ണയ്ക്ക് എള്ളാണ് വേണ്ടത്. കാര്യത്തിന്റെ ആവിർഭാവം അതിന്റേതായ ദ്രവ്യാത്മക കാരണത്തെ (ഉപാദാനത്തെ) ആശ്രയിച്ചിരിക്കുന്നു. കാര്യം കാരണത്തിൽ അന്തർഭവിച്ചിരിക്കുന്നു എന്നർത്ഥം. അതുകൊണ്ട് സത്താണ് കാര്യം. (ഉപാദാനഗ്രഹണാത്).
3. ഓരോന്നിനും അതിന്റേതായ സ്ഥാനമുണ്ട്. മരമോ നദിയോ സ്വർണ്ണമോ കല്ലോ അതാതിന്റെ സ്ഥലത്തല്ലാതെ ഓരോന്നും എല്ലായിടത്തുമായി സ്ഥിതി ചെയ്യുന്നില്ല. എല്ലാറ്റിനും എല്ലായിടത്തും സ്ഥിതിചെയ്യാൻ സാധിക്കാത്ത അവസ്ഥയ്ക്ക് സർവസംഭവഭാവം എന്നുപറയുന്നു. ഇതിന്റെ അർത്ഥം കാരണം കാര്യാനുസാരിയായിരിക്കുന്നു എന്നാണ്. അതുകൊണ്ട് സത്തു തന്നെ കാര്യം. (സർവസംഭവാഭാവാത്).
4. ഒരു കാര്യത്തിൽ ശക്തിയുള്ള ഒരാൾ മറ്റൊരു കാര്യത്തിൽ അശക്തനായിരിക്കും. കുശവൻ കുടമുണ്ടാക്കുന്നതിൽ ശക്തനാണ്; ആഭരണപ്പണിയിൽ അശക്തനും. കാരണത്തിലടങ്ങിയ ആന്തരിക ശക്തിയുടെ പ്രകടനമാണ് കാര്യം. അല്ലെങ്കിൽ തൈര് വെള്ളത്തിൽ നിന്നും എണ്ണ മണ്ണിൽ നിന്നും ഉണ്ടാക്കാമായിരുന്നു. ഓരോന്നിനും അതിന്റേതായ ശക്തിയാണുള്ളത്. മറ്റൊന്നിനെ സംബന്ധിച്ചിടത്തോളം അത് അശക്തമാണ്. ശക്തന്റെ ശക്തി എല്ലാറ്റിനും കാരണമാകുന്നില്ല. ഇതും സത്തു തന്നെയാണ് കാര്യം എന്ന് തെളിയിക്കുന്നു.
5. കാര്യം കാരണത്തിന്റെ സത്താണ്. കാര്യത്തിൽ അതിന്റെ കാരണഭാവവും ലയിച്ചുകിടക്കുന്നു. ആവിർഭാവത്തിന് മുമ്പും കാര്യത്തിൽ കാരണഭാവം അടങ്ങിയിരിക്കുന്നു. നെല്ല് കാര്യമാണ്; പക്ഷേ, ചോറിന്റെ കാരണവുമാണ്. ഇങ്ങനെ കാര്യത്തിന്റെ കാരണഭാവവും തെളിയിക്കുന്നത് സത്തുതന്നെ കാര്യം എന്നാണ് (കാരണഭാവാത്).

കാരണമില്ലാതെ കാര്യമില്ലെങ്കിൽ പ്രപഞ്ചത്തിന്റെ കാരണമെന്താണ്? മനുഷ്യനും പ്രകൃതിയും സചേതനാചേതനങ്ങളായ ചരാചരങ്ങളും ഉത്ഭവിച്ചതെങ്ങനെയാണ്? ബ്രഹ്മമെന്ന ഒരു ആത്മീയതത്വമാണ് എല്ലാറ്റിന്റെയും മൂലകാരണം എന്നാണ് വേദാന്തികൾ ഉൽഘോഷിച്ചത്. പക്ഷേ, ഭൗതികവസ്തുക്കളുടെ കാരണം അഭൗതികമായ ഏതോ തത്വമാണെന്ന വാദത്തോട് സാഖ്യന്മാർ യോജിച്ചില്ല. കാര്യത്തിന്റെ സ്വഭാവത്തിൽ നിന്നാണ് കാരണം കണ്ടുപിടിക്കേണ്ടത്. പ്രപഞ്ചം അടിസ്ഥാനപരമായി ഭൗതികമാണ്. അതുകൊണ്ട് പ്രപഞ്ചത്തിന്റെ മൂലകാരണവും ഭൗതികമായിരിക്കണം. പക്ഷേ, ആ മൂലകാരണം വ്യക്തമോ ദൃശ്യമോ സ്ഥൂലമോ അല്ല; സൂക്ഷ്മവും അവ്യക്തവും അദൃശ്യവും അനുമാനംകൊണ്ടു മാത്രം മനസ്സിലാക്കാവുന്നതും ആണ്. ആ അവ്യക്തമായ കാരണത്തിന് സാംഖ്യന്മാർ മൂലപ്രകൃതി എന്നു പേരിട്ടു. ലോകത്തിലുള്ള സർവചരാചരങ്ങളും പ്രാപഞ്ചികങ്ങളായ എല്ലാ പ്രതിഭാസങ്ങളും മൂലപ്രകൃതിയിൽ നിന്ന് പരിണമിച്ചുണ്ടായവയാണെന്ന് അവർ ഉറപ്പിച്ചുപറഞ്ഞു. മൂലപ്രകൃതിയുടെ കാരണമോ? പ്രകൃതി അകാരണമാണ്. വേരിനു വേരില്ല (അമൂലം മൂലം).

മൂലപ്രകൃതിയുടെ പരിണാമപ്രക്രിയകളിലൂടെയാണ് കാര്യകാരണബന്ധങ്ങൾ പ്രത്യക്ഷപ്പെടുന്നത്. പ്രകൃതിയാണ് മൂലകാരണം. ദൃശ്യപ്രപഞ്ചത്തിലെ എല്ലാ പ്രതിഭാസങ്ങളും ഈ അകാരണമായ മൂലപ്രകൃതിയിൽ അന്തർഭവിച്ചുകിടക്കുന്നു. കാരണവിഹീനമായ മൂലകാരണം എന്ന അർത്ഥത്തിൽ അതിനെ പ്രകൃതിയെന്നും പ്രപഞ്ചത്തിന്റെ ആദികാരണമെന്ന അർത്ഥത്തിൽ പ്രധാനമെന്നും കാര്യങ്ങളുടെ അഭിവ്യക്തമല്ലാത്ത അവസ്ഥയെന്ന അർത്ഥത്തിൽ അവ്യക്തം എന്നു വിളിക്കുന്നു. അബോധവും അചേതനവുമായതുകൊണ്ട് അതു ജഡമാണ്. അവ്യക്തത്തിന്റെ പരിണാമഫലങ്ങളായ വ്യക്തങ്ങൾ സകാരണങ്ങളും അനേകങ്ങളും അനിത്യങ്ങളും പരതന്ത്രങ്ങളും ആശ്രിതങ്ങളുമാണ്. നേരെമറിച്ച്, അവ്യക്തം അകാരണവും നിത്യവും ഏകവും സ്വതന്ത്രവും അനാശ്രിതവുമാണ്. [13] അവ്യക്തം അദൃശ്യവും അനഭിവ്യക്തവും അഗ്രാഹ്യവുമായിരിക്കുന്നത് അഭാവത്താലല്ല, അതിസൂക്ഷ്മമായതുകൊണ്ടാണ്. അദൃശ്യവും അനഭിവ്യക്തവുമാണെങ്കിലും അതിൽ നിന്ന് പരിണമിച്ചുണ്ടായ കാര്യങ്ങളുടെ സഹായത്തോടുകൂടി അതിന്റെ അസ്തിത്വം അനുമാനിക്കാൻ കഴിയും. [14]

---

12. അസദകാരണാ ദുപാദാനഗ്രഹണാത്
സർവസംഭവാഭാവാത്
ശക്തസ്യ ശക്യകരണാത്
കാരണഭാവാച്ച സത് കാര്യം.
— സാംഖ്യകാരിക, 9.

13. സാംഖ്യകാരിക, 10, 11.

14. സൗക്ഷ്മ്യാൽ തദനുപലബ്ധിർ-
നാഭാവാൽ കാര്യതസ്തദുപലബ്ധേഃ
മഹദാദി തച്ച കാര്യം
പ്രകൃതി സരൂപം വിരൂപം ച.

## 4 പ്രകൃതിയുടെ പരിണാമങ്ങൾ

സാംഖ്യസിദ്ധാന്തമനുസരിച്ച് പ്രപഞ്ചവും പ്രാപഞ്ചികങ്ങളായ വ്യത്യസ്ത പ്രതിഭാസങ്ങളുമെല്ലാം ഇരുപത്തിനാല് തത്വങ്ങളുടെ ആഘാതപ്രത്യാഘാതങ്ങളുടെയും കാര്യകാരണബന്ധങ്ങളുടെയും ഫലമാണ്. ഒന്നാമത്തെ തത്വം പ്രധാനവും അവ്യക്തവുമായ പ്രകൃതി തന്നെ. മറ്റു ഇരുപത്തിമൂന്നു തത്വങ്ങൾ, "പാലിൽ നിന്നു തൈരുണ്ടാകുന്നതുപോലെ, സ്വാഭാവികമായും സഹജമായും" അനാദിയായ പ്രകൃതിയിൽ നിന്നു പരിണമിച്ചുണ്ടായവയാണ്. സാംഖ്യകാരിക ഈ പരിണാമക്രമത്തെ ഇങ്ങനെ വിവരിക്കുന്നു:

> "പ്രകൃതിയിൽ നിന്ന് മഹത്ത് എന്ന തത്വവും മഹത്തിൽ നിന്ന് അഹങ്കാരവും അഹങ്കാരത്തിൽ നിന്ന് ഷോഡശകഗണവും ആ ഷോഡശകഗണത്തിലെ പഞ്ചതന്മാത്രകളിൽ നിന്ന് പഞ്ചഭൂതങ്ങളും മുറയ്ക്ക് ഉത്ഭവിച്ചു". [15]

മൂലപ്രകൃതിയിൽ നിന്ന് ആദ്യമായുണ്ടായ ശുദ്ധസത്തയാണ് മഹത്ത്. ബുദ്ധിയും ചേതനയും മനസ്സും എല്ലാമുൾപ്പെടുന്ന പ്രാപഞ്ചിക പ്രതിഭാസങ്ങളുടെ അതിസൂക്ഷ്മവും അദൃശ്യവുമായ ബീജരൂപത്തിനാണ് മഹത്ത് എന്നുപറയുന്നത്. മഹത്തിൽ നിന്ന് അഹങ്കാരം അല്ലെങ്കിൽ ആത്മചേതന (ഞാൻ എന്ന ബോധം) ഉണ്ടായി. അഹങ്കാരത്തിൽ നിന്ന് ഷോഡശകഗണം. ഷോഡശകഗണത്തിൽ ശബ്ദം, സ്പർശം, വർണ്ണം, രസം, ഗന്ധം എന്നിങ്ങനെ തന്മാത്രകൾ എന്നു വിളിക്കപ്പെടുന്ന അഞ്ചു സൂക്ഷ്മതത്വങ്ങളും ചക്ഷുസ്, ശ്രോത്രം, രസന, ഘ്രാണം, ത്വക്ക് എന്നീ അഞ്ചു ബുദ്ധീന്ദ്രിയങ്ങളും വാക്ക്, പാണി, പാദം, വായു (ഗുദം), ഉപസ്ഥം (ജനനേന്ദ്രിയം) എന്നീ അഞ്ചു കർമ്മേന്ദ്രിയങ്ങളും ഈ പത്ത് ഇന്ദ്രിയങ്ങളുടെ മേൽനോട്ടം വഹിക്കുന്ന മനസ്സും ഉൾപ്പെടുന്നു. ഷോഡശക ഗണത്തിൽപ്പെട്ട തന്മാത്രകളിൽ നിന്നു തന്നെ പൃഥ്വി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങളുമുണ്ടായി.

ബുദ്ധീന്ദ്രിയങ്ങൾക്ക് ജ്ഞാനേന്ദ്രിയങ്ങൾ എന്നും പറയാം. ശബ്ദസ്പർശരൂപരസഗന്ധങ്ങളെ ഗ്രഹിക്കുകയാണ് അവയുടെ പ്രവൃത്തി. ചക്ഷുസ്സ് രൂപത്തെയും ശ്രോത്രം ശബ്ദത്തെയും ഘ്രാണം ഗന്ധത്തെയും രസന രസത്തെയും ത്വക്ക് സ്പർശത്തെയും ഗ്രഹിക്കുന്നു. വിവിധങ്ങളായ പ്രവർത്തനങ്ങൾ നടത്താനുള്ള ശാരീരികോപകരണങ്ങളാണ് കർമ്മേന്ദ്രിയങ്ങൾ. മനസ്സ് പതിനൊന്നാമത്തെ ഇന്ദ്രിയമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ചക്ഷുസ്സ് തുടങ്ങിയ ബുദ്ധീന്ദ്രിയങ്ങളെ അനുവർത്തിച്ചു കൊണ്ട് അവയിലൂടെ ലഭ്യമാകുന്ന അറിവുകളെ സങ്കല്പനം ചെയ്യുകയും വാഗാദികർമ്മേന്ദ്രിയങ്ങളുടെ പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കുകയും ചെയ്യുന്നതിനാൽ മനസ്സിന് ബുദ്ധ്യാത്മകമെന്നും കർമ്മാത്മകമെന്നും രണ്ട് അവസ്ഥകളുണ്ട്. ബുദ്ധീന്ദ്രിയങ്ങളോടും കർമ്മേന്ദ്രിയങ്ങളോടുമുള്ള സാധർമ്യം കൊണ്ടാണ് മനസ്സ് പതിനൊന്നാമത്തെ ഇന്ദ്രിയമായി കണക്കാക്കപ്പെടുന്നത്. [16]

ഇങ്ങനെ ഇരുപത്തിനാല് തത്വങ്ങളുടെ പരിണാമപ്രക്രിയകളിലൂടെയാണ് മനുഷ്യനും പ്രകൃതിയും പ്രപഞ്ചത്തിലെ ഭൗതികവും ആത്മീയവുമായ പ്രതിഭാസങ്ങളും എല്ലാം ആവിർഭവിച്ചത് എന്ന് സാംഖ്യം സിദ്ധാന്തിക്കുന്നു. കാടും പുഴയും സൂര്യനും ചന്ദ്രനും മൃഗവും മനുഷ്യനും മനുഷ്യന്റെ വികാരങ്ങളും സംവേദനങ്ങളും എല്ലാം മൂലപ്രകൃതിയുടെ പരിണാമങ്ങളാണ്. പഞ്ചഭൂതങ്ങളും കർമ്മേന്ദ്രിയങ്ങളും ജ്ഞാനേന്ദ്രിയങ്ങളും മാത്രമല്ല, ബുദ്ധി, അഹങ്കാരം, ചേതന മുതലായവയും, അവസാനവിശകലനത്തിൽ, ഭൗതികസത്തയുടെ സൃഷ്ടികളാണ്.

എന്നാൽ, ഇവയിലൊന്നുമുൾപ്പെടാത്ത പുരുഷൻ എന്ന മറ്റൊരു തത്വംകൂടി സാംഖ്യകാരികയിലും പിൽക്കാല സാംഖ്യഭാഷ്യങ്ങളിലും പ്രതിപാദിക്കപ്പെടുന്നുണ്ട്. പ്രകൃതിയെപ്പോലെ തന്നെ പുരുഷനും അനാദിയാണ്, സ്വതന്ത്രനാണ് അകാരണനാണ്, ജ്ഞാതാവാണ്, ദ്രഷ്ടാവാണ്. പക്ഷേ, പ്രകൃതിക്കും പുരുഷനും തുല്യപ്രാധാന്യമാണുള്ളത് എന്നോ പുരുഷന്റെ പ്രചോദനം കൊണ്ടോ സാമീപ്യം കൊണ്ടോ ആണ് പ്രകൃതിക്ക് പരിണാമങ്ങളുണ്ടാകുന്നത് എന്നോ ഇതിനർത്ഥമില്ല. എന്തെന്നാൽ, സാംഖ്യകാരികയനുസരിച്ച് തന്നെ പുരുഷൻ ഉദാസീനനാണ്, അകർത്താവാണ്, നിർഗുണനാണ്, ഉപകാരമോ അപകാരമോ ചെയ്യാൻ കെൽപ്പില്ലാത്തവനാണ്, വെറും സാക്ഷി മാത്രമാണ്. [17] പുരുഷൻ ഒന്നിന്റെയും കാരണമാകുന്നില്ല, എന്നല്ല, സാംഖ്യദർശനമനുസരിച്ച് പുരുഷൻ എന്ന പദം ഒരൊറ്റ ആത്മാവിനെയല്ല കുറിക്കുന്നത്. പ്രകൃതിയുമായി ബന്ധപ്പെടുന്ന അനേകമനേകം പുരുഷന്മാരുണ്ട്. അവർക്കാകട്ടെ, ഭൗതികസത്തയുടെ പരിണാമ പ്രക്രിയകളിൽ യാതൊരു പങ്കുമില്ല. ലോകോൽപത്തിയിലും പ്രപഞ്ചപരിണാമത്തിലും പുരുഷന് പങ്കില്ലെന്ന് സാംഖ്യപ്രവചനസൂത്രം തന്നെ ഉറപ്പിച്ചുപറയുന്നുണ്ട്: "അവ രണ്ടും (പ്രകൃതിയും പുരുഷനും) ലോകോൽപ്പത്തിക്കു മുമ്പു തന്നെ നിലനിന്നിരുന്നു. അവയിലൊന്നിന് (പുരുഷന്) കാരണമെന്ന സ്വഭാവമില്ല. മറ്റേതിനു (പ്രകൃതിക്ക്) മാത്രമേ ആ സ്വഭാവമുള്ളൂ". [18]

---

15. പ്രകൃതേർ മഹാം സ്തതോ/ഹംകാര-
സ്തസ്മാൽ ഗണശ്ച ഷോഡശകഃ
തസ്മാദപി ഷോഡശകാൽ
പഞ്ചേഭ്യഃ പഞ്ചഭൂതാഹണാത്.
— സാംഖ്യകാരിക, 22.

16. ഉഭയാത്മകമത്ര മനഃ
സങ്കല്പകമിന്ദ്രിയം ച സാധർമ്യാൽ
— സാ. കാ, 27.

17. തസ്മാച്ചവിപര്യാസാൽ
സിദ്ധം സാക്ഷീത്വമസ്യ പുരുഷസ്യ
കൈവല്യം മാധ്യസ്ഥ്യം
ദ്രഷ്ടത്വ മകർതൃഭാവശ്ച
— (സാ. കാ. 19).

18. സാംഖ്യപ്രവചനസൂത്രം, 1.75.

## 5 ത്രിഗുണങ്ങൾ

ജഡവും അചേതനവുമായ അവ്യക്തപ്രകൃതി യാതൊരു ബാഹ്യശക്തിയുടെയും പ്രേരണയോ പ്രചോദനമോ കൂടാതെ സ്വാഭാവികമായിത്തന്നെ വ്യക്തപ്രപഞ്ചമായി പരിണമിക്കുന്നതെങ്ങനെയാണ്? ഈ ചോദ്യത്തിനു മറുപടി ലഭിക്കണമെങ്കിൽ പ്രകൃതിയുടെ സ്വഭാവഗുണങ്ങൾ മനസ്സിലാക്കണം. കല്ല്, മണ്ണ്, മേശ മുതലായ നിർജീവവസ്തുക്കളെപ്പോലെ നിഷ്ക്രിയമായ ഒന്നല്ല മൂലപ്രകൃതി. അതിൽ സത്വം, രജസ്സ്, തമസ്സ് എന്നിങ്ങനെ മൂന്നു ഗുണങ്ങളടങ്ങിയിരിക്കണം. ഈ മൂന്നു ഗുണങ്ങളിൽ നിന്നു വേറിട്ടുകിടക്കുന്ന ഒരു പ്രകൃതിയില്ല. യഥാർത്ഥത്തിൽ സത്വരജസ്തമോ ഗുണങ്ങളുടെ സാമ്യാവസ്ഥയ്ക്കാണ് പ്രകൃതിയെന്നു പറയുന്നത്. [19] തുല്യാവസ്ഥയുള്ള ഈ ഗുണങ്ങളിൽ ഏതെങ്കിലുമൊന്നിന് ആധിക്യമുണ്ടാകുമ്പോൾ സാമ്യാവസ്ഥയ്ക്ക് ഇളക്കം തട്ടുകയും പരിണാമപ്രക്രിയ ആരംഭിക്കുകയും ചെയ്യുന്നു. കാരണമായ അവ്യക്തത്തോടൊപ്പം ഈ ത്രിഗുണങ്ങളും കാര്യമായ വ്യക്തത്തിലേക്ക് സംക്രമിക്കുന്നു. ഈ മൂന്നു ഗുണങ്ങളുടെ ഏറ്റക്കുറച്ചിലാണ് വ്യക്തപ്രപഞ്ചത്തിലെ വൈവിധ്യങ്ങൾക്കു കാരണം. വ്യക്തത്തിന്റെ സ്വഭാവഗുണങ്ങളിൽ നിന്നുതന്നെ അവ്യക്തത്തിന്റെ സ്വഭാവഗുണങ്ങളും അനുമാനിക്കാം. പുതുതായി ഒരു ഗുണവും ഉണ്ടാകുന്നില്ലെന്നും അതുകൊണ്ട് വ്യക്തത്തിലുള്ളതെല്ലാം സൂക്ഷ്മവും അപ്രകാശിതവുമായ രൂപത്തിൽ അവ്യക്തത്തിലും അന്തർഭവിച്ചിരിക്കണമെന്നും പറയേണ്ടതില്ലല്ലോ.

സാംഖ്യകാരികയിലും അതിന്റെ ഭാഷ്യങ്ങളിലും ത്രിഗുണങ്ങളുടെ സവിശേഷതകളെപ്പറ്റി വിസ്തരിച്ചു പ്രതിപാദിക്കുന്നുണ്ട്. സത്വഗുണം സുഖാത്മകവും പ്രസന്നവും പ്രകാശിപ്പിക്കാൻ കഴിവുള്ളതും ജ്ഞാനം, ശ്രദ്ധ, ആർജവം തുടങ്ങിയ ഉപലക്ഷണങ്ങളോടുകൂടിയതുമാണ്. രാജോഗുണം ദുഃഖാത്മകവും പ്രവർത്തിപ്പിക്കാനും ചലിപ്പിക്കാനും കഴിവുള്ളതും ദ്വേഷം, ദ്രോഹം, നിന്ദ മുതലായ ഉപലക്ഷണങ്ങളോടു കൂടിയതുമാണ്. തമോഗുണം മോഹാത്മകവും സത്വഗുണത്തിന്റെ പ്രകാശത്തിനും രജോഗുണത്തിന്റെ ചലനത്തിനും പ്രതിബന്ധങ്ങളുണ്ടാക്കാൻ കഴിവുള്ളതും വഞ്ചന, ഭയം, കുടിലത തുടങ്ങിയ ഉപലക്ഷണങ്ങളോടുകൂടിയതുമാണ്. ത്രിഗുണങ്ങൾ അന്യോന്യം ആക്രമിച്ചു കീഴടക്കുകയും അന്യോന്യം ആശ്രയിക്കുകയും അന്യോന്യം ജനിപ്പിക്കുകയും മിഥുനങ്ങളെപ്പോലെ അന്യോന്യം യോജിക്കുകയും അന്യോന്യം വർത്തിക്കുകയും ചെയ്യുന്നു. ഈ സ്വഭാവവിശേഷങ്ങളുടെ ഫലമായിട്ടാണ് പരിണാമപ്രക്രിയകളുണ്ടാകുന്നത്. [20]

ത്രിഗുണങ്ങളുടെ സാമ്യാവസ്ഥ അവസാനിപ്പിച്ച് അവയെ പ്രവർത്തനങ്ങളിലിറക്കിവിടാനും അങ്ങനെ പ്രകൃതിയുടെ പരിണാമപ്രക്രിയകൾക്ക് പ്രാരംഭത്തിലെങ്കിലും ഉത്തേജനം നൽകാനും ഒരു ബാഹ്യശക്തിയുടെ സഹായം ആവശ്യമില്ലേ? ആവശ്യമില്ലെന്നാണ് സാംഖ്യന്മാർ അഭിപ്രായപ്പെടുന്നത്. എന്തെന്നാൽ, ഗുണങ്ങളുടെ പ്രവർത്തനങ്ങൾ സ്വാഭാവികങ്ങളും സഹജങ്ങളുമാണ്. ചലനവും മാറ്റവും പരിണാമവും പ്രകൃതിയുടെ അവിഭാജ്യഗുണങ്ങളാണ്. വെള്ളവും അമ്മയുടെ പാലും സഹജമായും യാന്ത്രികമായും ഒഴുകുന്നതുപോലെ തന്നെ അചേതനമായ പ്രകൃതിയും സ്വാഭാവികമായി, സഹജമായ ഗുണം കാരണം, ചലിക്കുകയും പരിണമിക്കുകയും ചെയ്യുന്നു.

---

19. സത്വരജസ്തമസാം സാമ്യാവസ്ഥാ പ്രകൃതിഃ
20. പ്രീതി പ്രതീതീ വിഷാദാത്മകാഃ
 പ്രകാശപ്രവൃത്തിനിയമാർഥാഃ
 അന്യോന്യാഭിഭവാശ്രയ-
 ജനനമിഥുനവൃത്തയശ്ച ഗുണാഃ
 — സ. കാ. 12.

## 6 സാംഖ്യത്തിന്റെ സംഭാവന

ഇങ്ങനെ സാംഖ്യന്മാർ തത്വചിന്തയിലെ ഒരടിസ്ഥാനപ്രശ്നത്തിന് ഭൗതികവാദപരമായ സമാധാനം കാണാൻ ശ്രമിച്ചു. സാംഖ്യസിദ്ധാന്തമനുസരിച്ച് ഭൗതികസത്തയുടെ പരിണാമപ്രക്രിയയിലെ ഒരു സവിശേഷഘട്ടത്തിൽ മാത്രമേ വസ്തുനിഷ്ഠമായ പ്രപഞ്ചത്തെപ്പറ്റിയുള്ള ജ്ഞാനവും അതിന്റെ ഉപാധിയായ ചിന്തയുടെ ആവിർഭാവവും സാദ്ധ്യമായിത്തീരുന്നുള്ളൂ. ആരംഭത്തിൽ ഭൗതികസത്തയല്ല, അനാദിയായ ചേതനയാണുണ്ടായിരുന്നത് എന്ന ആത്മീയവാദസിദ്ധാന്തത്തെ അത് യുക്തിയുക്തമായി ഖണ്ഡിക്കുന്നു.

ആരംഭത്തിൽ ചിന്തയാണുണ്ടായിരുന്നത് എന്ന വാദത്തെ ചാർവാകന്മാരും എതിർക്കുകയുണ്ടായി. പക്ഷേ, അവരുടെ അഭിപ്രായത്തിൽ പൃഥ്വി, ജലം തുടങ്ങിയ ഭൗതികപദാർത്ഥങ്ങളുടെ യാന്ത്രികമായ സംയോഗത്തിൽ നിന്നാണ് ചേതനയുണ്ടാകുന്നത്. സാംഖ്യന്മാരാകട്ടെ, മൂലപ്രകൃതിയിൽ നിന്നു പരിണമിച്ചുണ്ടായ മനുഷ്യന്റെ ഒരു ഗുണമാണ് ചേതനയെന്നുവാദിച്ചു. ഭൗതികസത്തയുടെ പരിണാമക്രമത്തിലെ ഒരു പ്രത്യേകഘട്ടത്തിൽ മാത്രമാണ് മനുഷ്യൻ ആവിർഭവിച്ചത്. ചരിത്രപരമായി പരിണമിച്ചുണ്ടായ പഞ്ചമഹാഭൂതങ്ങൾ, ഇന്ദ്രിയങ്ങൾ, പഞ്ചതന്മാത്രകൾ, മനസ്സ്, ബുദ്ധി, അഹങ്കാരം മുതലായവയുടെ ആകെ തുകയാണ് മനുഷ്യൻ. കർമ്മവും ജ്ഞാനവും സുഖവും ദുഃഖവും എല്ലാം ഈ ആകെത്തുകയിലടങ്ങിയിരിക്കുന്നു. മാനസിക–ഭൗതിക ഘടകങ്ങളുടെ ഈ ആകെത്തുകയിൽ മാത്രമേ ചേതനയ്ക്കു നിലനിൽപ്പുള്ളൂ. ശരീരത്തിൽ നിന്നു സ്വതന്ത്രമായി ആത്മാവിനു നിലനിൽക്കാൻ കഴിയില്ല. ജ്ഞാനേന്ദ്രിയങ്ങളുമായി ബന്ധപ്പെടുമ്പോൾ മാത്രമേ അതു ജ്ഞാതാവായിത്തീരുകയുള്ളൂ.

പ്രപഞ്ചപരിണാമത്തെക്കുറിച്ചുള്ള സാംഖ്യന്മാരുടെ ഇത്തരം ആശയങ്ങൾ തത്വചിന്തയ്ക്ക് പൊതുവിലും ഭാരതീയതത്വചിന്തയ്ക്ക് പ്രത്യേകമായും ലഭിച്ച വിലപിടിച്ച സംഭാവനകളാണ്. ആധുനികഭൗതികശാസ്ത്രം, രസതന്ത്രം, സാമൂഹ്യശാസ്ത്രം മുതലായവയുടെ ആവിർഭാവത്തിനു മുമ്പാണ് നമ്മുടെ പ്രാചീന ചിന്തകന്മാർ കേവലം യുക്തിയുടെയും അനുമാനത്തിന്റെയും സഹായത്തോടുകൂടി ഇത്തരം കണ്ടുപിടുത്തങ്ങൾ നടത്തിയത് എന്ന് എടുത്തുപറയേണ്ടതുണ്ട്. ലോകമാന്യ തിലകൻ എഴുതുകയുണ്ടായി:

> "ലോകത്തിലെ വിവിധ വസ്തുക്കളുടെ മേൽ വീണ്ടും വീണ്ടും പ്രായോഗിക പരീക്ഷണങ്ങൾ നടത്തുക, വിവിധ രീതിയിൽ വിശ്ലേഷണം ചെയ്ത് അവയുടെ സ്വഭാവങ്ങൾ നിർണ്ണയിക്കുക, ജൈവജഗത്തിൽ നിലനിൽക്കുന്നവയോ പണ്ടു നിലനിന്നിരുന്നവയോ ആയ ജീവികളുടെ ശരീരഘടനകളെ വേണ്ടപോലെ താരതമ്യപ്പെടുത്തി നോക്കുക, പ്രകൃതിശാസ്ത്രത്തിലെ മറ്റ് ആധുനികോപായങ്ങൾ കൈക്കൊള്ളുക — ഇതൊന്നും കപിലനോ കാണാദനോ സാദ്ധ്യമായിരുന്നില്ല. കൺമുമ്പിലുണ്ടായിരുന്ന സാമഗ്രികൾ മാത്രം പരിശോധിച്ചുകൊണ്ടാണ് അവർ തങ്ങളുടെ നിഗമനങ്ങളിലെത്തിച്ചേർന്നത്. പ്രപഞ്ചത്തിന്റെ രൂപവൽക്കരണവും വികാസവും ഏതു തരത്തിലാണുണ്ടായത് എന്നതിനെ സംബന്ധിച്ചുള്ള സാംഖ്യന്മാരുടെ നിഗമനങ്ങൾ ആധുനിക പ്രകൃതിശാസ്ത്രജ്ഞന്മാരുടെ ശാസ്ത്രീയനിഗമനങ്ങളിൽ നിന്ന് വളരെയൊന്നും ഭിന്നമായിരുന്നില്ല. ജീവശാസ്ത്രം വളർന്നുകഴിഞ്ഞതുകൊണ്ട് ഇന്ന് ആ നിഗമനങ്ങളുടെ തെളിവുകൾ കൂടുതൽ യുക്ത്യധിഷ്ഠിതങ്ങളാണ്". [21]

---

21. Bal Gangadhar Thilak: Gitarahasya PP. 205–6.

## 7 മനഃശ്ശാസ്ത്രപരമായ വ്യാഖ്യാനം

പ്രാചീനസാംഖ്യതത്വങ്ങൾ ആധുനിക ശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങളിൽ നിന്ന് വളരെയൊന്നും ഭിന്നമായിരുന്നില്ലെന്നു പറയുന്നതിൽ അതിശയോക്തി കലർന്നിട്ടുണ്ടെന്നു തോന്നുന്നു. ശരിക്കു പരിശോധിച്ചാൽ ആധുനികശാസ്ത്രങ്ങളുമായി പൊരുത്തപ്പെടാത്ത ചില ഭാഗങ്ങൾ സാംഖ്യകാരികയിലും മറ്റും കാണാം. ഉദാഹരണത്തിന്, ഗുണങ്ങളുടെ സാമ്യാവസ്ഥയ്ക്ക് ആദ്യമായി ഇളക്കം തട്ടിയതെങ്ങനെ എന്നതിനെ സംബന്ധിച്ചുള്ള സാംഖ്യന്മാരുടെ വാദം കുറെയൊക്കെ അവ്യക്തമാണ്. പരിണാമത്തിന്റെ ഗതിക്രമത്തിൽ മനുഷ്യൻ ആവിർഭവിച്ചതിനുശേഷം അഹങ്കാരവും ബുദ്ധിയും മറ്റുമുണ്ടായി എന്നല്ല, മറിച്ച് മഹത്തും അഹങ്കാരവും ഉണ്ടായതിനുശേഷം ഷോഡശകങ്ങളും ഷോഡശകങ്ങളിലുൾപ്പെട്ട ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നീ തന്മാത്രകളിൽ നിന്ന് പഞ്ചഭൂതങ്ങളും ഉണ്ടായി എന്നാണ് സാംഖ്യന്മാർ അനുമാനിക്കുന്നത്. മറിച്ചായിരുന്നുവെങ്കിൽ കൂടുതൽ യുക്ത്യധിഷ്ഠിതമാകുമായിരുന്നു. ആദ്യം മഹത്തും മഹത്തിൽ നിന്ന് അഹങ്കാരവുമുണ്ടായി എന്ന പ്രസ്താവനയുദ്ധരിച്ചു കൊണ്ടാണ് സിമ്മറെപ്പോലെയുള്ള പണ്ഡിതന്മാർ സാംഖ്യത്തിന് മനഃശാസ്ത്രപരമായ ഒരു വ്യാഖ്യാനം നൽകാൻ ശ്രമിക്കുന്നത്. സാംഖ്യദർശനമനുസരിച്ച് ചേതനയാണ് ദൃശ്യപ്രപഞ്ചത്തിന്റെ കേന്ദ്രമെന്നും ഉള്ളിന്റെ ഉള്ളിലുള്ള ആ ചേതനയ്ക്കുണ്ടാകുന്ന അനുഭവങ്ങളാണ് ബാഹ്യലോകത്തിലെ പരിണാമപ്രക്രിയകളെന്നും അതുകൊണ്ട് അസ്തിത്വത്തിന്റെ മനഃശാസ്ത്രപരമായ വ്യാഖ്യാനമാണ് സാംഖ്യദർശനത്തിന്റെ ഏറ്റവും വലിയ സംഭാവനയെന്നുമാണ് സിമ്മർ പറയുന്നത്. [22]

സാംഖ്യദർശനമനുസരിച്ച് ഭൗതികസത്തയ്ക്ക് മുമ്പുതന്നെ ചേതനയാവിർഭവിച്ചിരുന്നു എങ്കിൽ സിമ്മറുടെ ഈ വാദത്തിൽ അല്പം കഴമ്പുണ്ടെന്നു സമ്മതിക്കാമായിരുന്നു. പക്ഷേ, അതല്ല സ്ഥിതി. ബുദ്ധിയുടെയും മനസ്സിന്റെയും ചേതനയുടെയും എല്ലാം മൂലകാരണം ജഡപ്രകൃതിയാണ്. തന്മാത്രകളിൽ നിന്നാണ് പഞ്ചഭൂതങ്ങളാവിർഭവിച്ചത് എന്നു സാംഖ്യന്മാർ അനുമാനിച്ചു എന്നതുശരിതന്നെ. പരിണാമപ്രക്രിയയിലെ ഈ ക്രമം മാറ്റണമെന്നാവശ്യപ്പെടുന്നതിൽ തെറ്റില്ലതാനും. എന്നാൽ, സാംഖ്യന്മാരുടെ അഭിപ്രായത്തിൽ ബുദ്ധിയും അഹങ്കാരവും ചേതനയുമെല്ലാം ബാഹ്യലോകവുമായുള്ള ബന്ധങ്ങളിൽ നിന്നാണ് രൂപപ്പെടുന്നത്. വസ്തുജ്ഞാനമുണ്ടാകുന്നത് ആ വസ്തുവെപ്പറ്റി പത്തു ബാഹ്യേന്ദ്രിയങ്ങൾ നേടുന്ന അനുഭവങ്ങൾ മനസ്സ്, അഹങ്കാരം, ബുദ്ധി എന്നീ ആന്തരികേന്ദ്രിയങ്ങളിലേക്കു കൈമാറുമ്പോൾ മാത്രമാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ബാഹ്യേന്ദ്രിയങ്ങളാണ് അന്തഃകരണത്തിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ സാമഗ്രികൾ നൽകുന്നത്. വർത്തമാനകാലത്തിലുള്ള വിഷയങ്ങൾ ഇന്ദ്രിയങ്ങളുടെ സഹായത്തോടുകൂടിയും ഭൂതകാലത്തിലും ഭാവികാലത്തിലുമുള്ളവ അനുമാനത്തിന്റെ സഹായത്തോടു കൂടിയുമാണ് ബുദ്ധ്യഹങ്കാരമനസ്സുകളുടെ വ്യാപാരങ്ങൾക്കു വിധേയമാകുന്നത് എന്ന് സാംഖ്യകാരിക ചൂണ്ടിക്കാണിക്കുന്നു. അനുമാനത്തിന്റെ അടിസ്ഥാനവും, അവസാനവിശകലനത്തിൽ, വസ്തുനിഷ്ഠമായ ബാഹ്യലോകത്തിൽ നിന്നുള്ള ഇന്ദ്രിയാനുഭവങ്ങളാണ്. [23]

---

22. H. Zimmer: Philosophies of India.
23. അന്തഃകരണം ത്രിവിധം
    ദശധാ ബാഹ്യം ത്രയസ്യ വിഷയാഖ്യം
    സാമ്പ്രതകാലം ബാഹ്യം
    ത്രികാലമാഭ്യന്തരം കരണം.
    — സാ. കാ, 33.

## 8 പുരുഷനും ഈശ്വരനും

പുരുഷനെപ്പറ്റിയുള്ള സാംഖ്യകാരികയിലെ സങ്കൽപ്പവും ആശയകുഴപ്പമുണ്ടാക്കാൻ പറ്റിയ തരത്തിലാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. അകർത്താവായ പുരുഷന്റെ മോക്ഷത്തിനു വേണ്ടിയാണത്രേ പ്രകൃതി പ്രവർത്തിക്കുന്നത്. [24] ജഡപ്രകൃതിയിൽ ബോധപൂർവമായ പരാർത്ഥവൃത്തി സങ്കൽപ്പിക്കലാണിത്. യഥാർത്ഥത്തിൽ പുരുഷനെപ്പറ്റിയുള്ള സങ്കൽപ്പമില്ലെങ്കിൽ പോലും പ്രകൃതിയുടെ പരിണാമപ്രക്രിയയ്ക്ക് യാതൊരു ഹാനിയും തട്ടുന്നില്ല. സാംഖ്യതത്വങ്ങളിലെ പുരുഷസങ്കൽപ്പം പിൽക്കാലത്തു കൂട്ടിച്ചേർക്കപ്പെട്ടതായിരിക്കുമോ? അങ്ങനെയായിരിക്കാമെന്നു തോന്നിക്കുന്ന വിധത്തിലാണ് പുരുഷനെപ്പറ്റി പ്രസ്താവിക്കപ്പെട്ടിട്ടുള്ളത്. ഒരിടത്ത് സ്ഥൂലശരീരം പഞ്ചഭൂതങ്ങളിൽ നിന്നാണുണ്ടാകുന്നത് എന്നും ബുദ്ധ്യഹങ്കാരമനസ്സുകൾ ജഡപ്രകൃതിയിൽ നിന്നു പരിണമിച്ചുണ്ടായവയാണെന്നും പറയുന്നു. അതേ സമയത്തുതന്നെ മറ്റൊരിടത്ത് അനാദിയായ പുരുഷൻ പ്രകൃതിയിൽ നിന്നു സ്വതന്ത്രനായി നിലനിൽക്കുന്നു എന്നും പറയുന്നു. അനേകം പുരുഷന്മാരുണ്ട് എന്നും അവർ ഉദാസീനരും പ്രവർത്തനക്ഷമതയില്ലാത്തവരുമായ വെറും സാക്ഷികൾ മാത്രമാണെന്നും സമ്മതിക്കപ്പെട്ടിട്ടുണ്ടെന്നുള്ളതു ശരിതന്നെ. പക്ഷേ, ഇതിനെതിരായ ചില പ്രസ്താവനകളും സാംഖ്യകാരിക, സാംഖ്യപ്രവചനസൂത്രം തുടങ്ങിയ പിൽക്കാല കൃതികളിൽ കാണാം. ഉദാഹരണത്തിന്, പ്രവർത്തനശേഷിയില്ലാത്ത ഒരു മുടന്തൻ ദർശനശക്തിയില്ലാത്ത ഒരു കുരുടന്റെ ചുമലിലിരുന്ന് പ്രവർത്തിപ്പിക്കുന്നതുപോലെയോ ആകർഷണശക്തിയുള്ള അയസ്കാന്തം ഇരുമ്പുകഷണത്തെ പ്രവർത്തിപ്പിക്കുന്നതുപോലെയോ പുരുഷൻ പ്രവർത്തിപ്പിക്കുന്നു എന്ന് സാംഖ്യകാരികയിലൊരിടത്തു പറയുന്നുണ്ട്. “പുരുഷനും പ്രകൃതിയും തമ്മിൽ മുടന്തനും കുരുടനും തമ്മിലെന്നപോലെ ഐക്യമുണ്ട്; ഈ ഐക്യത്തിൽ നിന്നാണ് പരിണാമപ്രക്രിയകളുണ്ടാകുന്നത്” പ്രകൃതിയും പുരുഷനും — ഭൗതികസത്തയും ആത്മീയതത്വവും — രണ്ടും സ്വതന്ത്രങ്ങളാണെന്നും അവയുടെ ഐക്യത്തിൽ നിന്നാണ് ലോകമുണ്ടായത് എന്നും സമ്മതിച്ചാൽ ആ രണ്ടു സ്വതന്ത്രങ്ങളായ പ്രതിഭാസങ്ങൾ ഉത്ഭവിച്ചതെങ്ങനെയെന്ന ചോദ്യമുയർന്നുവരാം. ഈ ചോദ്യമുന്നയിച്ചുകൊണ്ടാണ് വിജ്ഞാനഭിക്ഷുവിനെപ്പോലെയുള്ള പണ്ഡിതന്മാർ ഒരു ദൈവത്തെ പ്രതിഷ്ഠിച്ചുകൊണ്ട് വേദാന്തത്തിനും സാംഖ്യത്തിനുമിടയിലുള്ള വിടവുനികത്താൻ ശ്രമിച്ചത്. പ്രകൃതിയും പുരുഷനും രണ്ടും ഈശ്വരന്റെ ശക്തികളാണെന്നും നിരീശ്വരവാദപരമായ സാംഖ്യം അവരുടെ കയ്യിൽ സേശ്വരസാംഖ്യമായി മാറി. ഷെർബാത്സ്കി ചൂണ്ടിക്കാണിച്ചതുപോലെ, “സാംഖ്യത്തെ വേദാന്തത്തിന്റെ പരിധിയിൽ കൊണ്ടുവരികയെന്ന പരിഷ്ക്കരണത്തിനുശേഷം അതൊരു പ്രത്യേക പ്രസ്ഥാനമല്ലാതായിത്തീർന്നു”. [25]

പക്ഷേ, സാംഖ്യകാരിക, സാംഖ്യപ്രവചനസൂത്രം തുടങ്ങിയ പിൽക്കാല സാംഖ്യകൃതികൾ പോലും ഈശ്വരന്റെ അസ്തിത്വമംഗീകരിക്കുന്നില്ലെന്നു കാണാം. സാംഖ്യപ്രവചന സൂത്രത്തിലെ ഒന്നാമദ്ധ്യായത്തിൽ “ദൈവത്തിന്റെ അസ്തിത്വം തെളിയിക്കുക സാദ്ധ്യമല്ല” എന്നു പ്രഖ്യാപിക്കുന്നു. സ്വതന്ത്രനോ പരതന്ത്രനോ മറ്റേതെങ്കിലും വ്യത്യസ്ത സ്വഭാവമുള്ളവനോ ആകാൻ കഴിയാത്ത ഈശ്വരന്റെ അസ്തിത്വത്തിനു തെളിവൊന്നുമില്ല... മോഹങ്ങളിൽ നിന്നും ബന്ധങ്ങളിൽ നിന്നും സ്വതന്ത്രനാണെങ്കിൽ അവന് സ്രഷ്ടാവാകാൻ കഴിയില്ല. പരതന്ത്രനാണെങ്കിൽ അവൻ നമ്മെപ്പോലെ തന്നെ അജ്ഞനായിരിക്കണം. അതുകൊണ്ട് സ്രഷ്ടാവായ ദൈവം എന്ന നിലയ്ക്ക് അവന് നിലനിൽക്കാൻ കഴിയില്ല.

മനുഷ്യന് സുഖവും ദുഃഖവും ആനന്ദവും വേദനയും മറ്റുമുണ്ടാകുന്നത് കർമ്മനിയമമനുസരിച്ചാണെന്ന് വാദിക്കുന്നവർക്ക് ദൈവത്തിന്റെ അസ്തിത്വം സ്ഥാപിക്കാൻ കഴിയില്ല. നന്മ ചെയ്യുന്നവന് സുഖവും തിന്മ ചെയ്യുന്നവന് ദുഃഖവും സ്വാഭാവികമായിത്തന്നെ ലഭിക്കുമെങ്കിൽ പിന്നെ സ്രഷ്ടാവും വിധികർത്താവുമായ ഒരു ദൈവത്തിന്റെ ആവശ്യമില്ല. എന്തെന്നാൽ, “ഫലങ്ങളനുഭവിക്കുന്നത് ദൈവത്തിന്റെ മേൽനോട്ടത്തിലല്ല, കർമ്മത്തിന്റെ അനിവാര്യനിയമമനുസരിച്ചാണ്”. [26]

ചുരുക്കിപ്പറഞ്ഞാൽ, ഭൗതികസത്തയിൽ നിന്നു സ്വതന്ത്രമായ ഒരു ബാഹ്യശക്തിയുടെ — ബ്രഹ്മത്തിന്റെ അല്ലെങ്കിൽ ഈശ്വരന്റെ — ഇടപെടൽ കൂടാതെ പ്രകൃതിയുടെ പരിണാമപ്രക്രിയകളോ മനുഷ്യന്റെ മാനസികവും ശാരീരികവുമായ പ്രവർത്തനങ്ങളോ നടക്കുകയില്ലെന്ന വാദത്തെ സാംഖ്യന്മാർ നിഷേധിക്കുന്നു.

---

24. പുരുഷസ്യ വിമോക്ഷാർഥം
    പ്രവർത്തതേ തദ്വദവ്യക്തം
    — സാ. കാ. 58.
25. Stcherbatsky, Buddhist Logic, Vol I, 47–48.
26. സാംഖ്യപ്രവചനസൂത്രം I. 93. 95.

## 9 പുരുഷന്റെ പങ്ക്

ഈശ്വരനില്ലെന്ന പ്രഖ്യാപനത്തെ ഔപചാരികമായി അംഗീകരിച്ചു കൊണ്ടുതന്നെ സാംഖ്യത്തെ ഒരുതരം ദ്വൈതവാദമായി ചിത്രീകരിക്കുന്ന മറ്റുചില പണ്ഡിതന്മാരുണ്ട്. ഉദാഹരണത്തിന് സതീശചന്ദ്രചാറ്റർജിയും ധീരേന്ദ്രനാഥ മോഹൻ ദത്തും സാംഖ്യദർശനത്തെ “ദ്വൈതവാദപരമായ യാഥാർത്ഥ്യദർശനം” എന്നു വിശേഷിപ്പിക്കുന്നു. അവർ എഴുതുകയാണ്:

> “ലോകത്തിന്റെ മുഴുവൻ ഗതിക്രമത്തിന്റെയും അടിസ്ഥാനമായി സാംഖ്യം കാണുന്നത് ആത്മാവ്, ഭൗതികപാദാർത്ഥം (പുരുഷൻ, പ്രകൃതി) എന്നീ രണ്ടു പരമതത്വങ്ങളുടെ അന്യോന്യബന്ധത്തെയാണ്. ഒരുഭാഗത്ത് ലോകത്തിന്റെ ഭൗതികവസ്തുക്കൾ, ശരീരങ്ങൾ എന്നിവയും മനസ്സ്, ബുദ്ധി, അഹങ്കാരം മുതലായ ഭൗതികോൽപ്പന്നങ്ങളുമുൾപ്പെടെയുള്ള എല്ലാ വസ്തുക്കളുടെയും — ആദികാരണമെന്നു കരുതപ്പെടുന്ന പ്രകൃതി. പ്രകൃതിയാണ് ലോകത്തിന്റെ ഭൗതികവും ക്രിയാത്മകവുമായ കാരണം. അത് കർമ്മോന്മുഖവും സദാ മാറിക്കൊണ്ടിരിക്കുന്നതുമാണ്. പക്ഷേ, അത് അന്ധവും അചേതനവുമത്രേ. അന്ധമായ ഒരു തത്വം ഒരു ക്രമീകൃതലോകമായി പരിണമിക്കുകയും അതിനെ യുക്തിയുക്തമായ ഒരു ലക്ഷ്യത്തിലേക്കു നയിക്കുകയും ചെയ്യുന്നതെങ്ങനെയാണ്? ആരംഭത്തിൽ ഗുണങ്ങളുടെ സാമ്യാവസ്ഥയിലാണെന്നു പറയപ്പെടുന്ന പ്രകൃതിയിൽ ആദ്യത്തെ ഇളക്കം അല്ലെങ്കിൽ ചലനം ഉണ്ടായതെങ്ങനെയാണ്? അങ്ങനെ മറുവശത്ത് പുരുഷൻ അല്ലെങ്കിൽ ആത്മാവ് എന്ന മറ്റൊരു പരമതത്വത്തെയും സാംഖ്യം അംഗീകരിക്കുന്നു”. [27]

ഇത്തരം വ്യാഖ്യാനങ്ങൾ കൊണ്ട് സാംഖ്യത്തെ ആത്മീയവാദത്തിന്റെ പിടിയിലൊതുക്കാനുള്ള പരിശ്രമങ്ങളെ ഏറ്റവും വലിയ ആത്മീയവാദികളിലൊരാളായ ശങ്കരാചാര്യർ പോലും അനുകൂലിക്കുന്നില്ല. സാംഖ്യത്തെ ആത്മീയവാദമാക്കി മാറ്റാനല്ല, അതിലടങ്ങിയ ഭൗതികവാദപരമായ ഉള്ളടക്കത്തെ സത്യസന്ധമായി തുറന്നുകാണിച്ചുകൊണ്ട് രൂക്ഷമായി എതിർക്കാനാണ് അദ്ദേഹം തുനിഞ്ഞത്. തന്റെ ബ്രഹ്മസൂത്രഭാഷ്യത്തിൽ അദ്ദേഹം സാംഖ്യതത്വങ്ങളെ സംഗ്രഹിക്കുന്നതിങ്ങനെയാണ്:

> “കുടം, ചട്ടി തുടങ്ങിയ പല സാധനങ്ങളുടെയും ഘടനയിൽ മണ്ണ് ഉൾപ്പെടുന്നതുകൊണ്ട് മണ്ണാണ് അവയുടെ സാമാന്യകാരണം. ഇതാണ് ലോകത്തിൽ നമ്മൾ കാണുന്നത്. ഇതുപോലെ തന്നെ നമ്മുടെ അകവും പുറവും സുഖദുഃഖമോഹാത്മകമാണ്. സുഖദുഃഖമോഹങ്ങളുടെ സാമാന്യകാരണം ത്രിഗുണമായ പ്രധാനമാണ്. മണ്ണുപോലെ തന്നെ അചേതനമാണ് പ്രധാനവും. ചേതനനായ പുരുഷന്റെ ഇഷ്ടങ്ങൾ സാധിപ്പിക്കാൻ വേണ്ടി അത് സ്വാഭാവികമായിത്തന്നെ വിവിധ രൂപങ്ങളായി പരിണമിക്കുന്നു… അചേതനമായ പാല് സ്വാഭാവികമായിത്തന്നെ പശുക്കുട്ടിയെ ഊട്ടിവളർത്താൻ വേണ്ടി സ്വയം പരിണമിച്ചുണ്ടാകുന്നതുപോലെയും അചേതനമായ ജലം ജനങ്ങളുടെ ഉപകാരത്തിനു വേണ്ടി സ്വയം ഒഴുകുന്നതുപോലെയും അചേതനമായ പ്രധാനം പുരുഷാർത്ഥങ്ങൾ സാധിക്കാൻ സ്വയം പ്രവർത്തിക്കുന്നു. സാമ്യാവസ്ഥയിലുള്ള മൂന്ന് ഗുണങ്ങളാണ് സാംഖ്യന്മാരുടെ പ്രധാനം. അതിനെ പ്രവർത്തിപ്പിക്കുന്നതിനോ തടഞ്ഞുനിർത്തുന്നതിനോ ബാഹ്യമായ മറ്റൊന്നിനെയും അതിന് ആശ്രയിക്കേണ്ടതായിട്ടില്ല. പുരുഷൻ ഉദാസീനനാകയാൽ പ്രധാനത്തെ പ്രവർത്തിപ്പിക്കുകയോ നിവർത്തിപ്പിക്കുകയോ ചെയ്യുന്നില്ല. അതുകൊണ്ട് പ്രധാനം അനപേക്ഷമാണ്, സ്വതന്ത്രമാണ്. പുല്ലും ഇലയും വെള്ളവും മറ്റും മറ്റു കാരണങ്ങളൊന്നും കൂടാതെ സ്വാഭാവികമായിത്തന്നെ പാലും മറ്റുമായിത്തീരുന്നതുപോലെ പ്രധാനവും മഹത്ത് തുടങ്ങിയ തത്വങ്ങളായി പരിണമിക്കുന്നു”. [28]

---

27. Chatterjee and Dutta: An Introduction to Indian Philosophy, P. 292.
28. ശങ്കരൻ: ബ്രഹ്മസൂത്രഭാഷ്യ. അ. 2, പാ. 2, സൂ. 1, 3, 4, 5.

## 10 ശങ്കരന്റെ വിമർശനം

ഇവിടെ പുരുഷൻ പ്രധാനത്തെ പ്രവർത്തിപ്പിക്കുന്നു എന്നല്ല, പ്രവർത്തിപ്പിക്കുന്നില്ല എന്നാണ് ശങ്കരൻ പറയുന്നത്. ജഡമായ യാതൊന്നിനും ചേതനനായ ഒരുവന്റെ സഹായം കൂടാതെ സ്വതന്ത്രമായി പ്രവർത്തിക്കുവാൻ സാധിക്കുകയില്ല എന്ന കാരണം പറഞ്ഞുകൊണ്ടാണ് അദ്ദേഹം സാംഖ്യത്തെ എതിർക്കുന്നത്:

പാലും വെള്ളവും ഒഴുകുന്നത് സ്വാഭാവികമായിട്ടാണെന്ന സാംഖ്യന്മാരുടെ വാദത്തോട് ശങ്കരൻ യോജിക്കുന്നില്ല. ചേതനമായ ഒന്നിന്റെ നിയന്ത്രണം കൊണ്ടാണ് അവ പ്രവർത്തിക്കുന്നത് എന്നാണദ്ദേഹം പറയുന്നത്:

> "ചൈതന്യമുള്ള പശു വാത്സല്യം കാരണം പാൽ ഒഴുക്കുന്നു എന്നു കരുതുന്നതാണ് യുക്തം. പശുക്കിടാവ് പാൽ നുകർന്നെടുക്കുകയുമാണല്ലോ. തികഞ്ഞ തന്റേടം വെള്ളത്തിനുമില്ല. താണ നിലത്തെയും മറ്റും ആശ്രയിച്ചാണ് വെള്ളം ഒഴുകുന്നത്". [29]

പുല്ല് പാലായിത്തീരുന്നത് സ്വാഭാവികമായിട്ടാണെന്നു സമ്മതിച്ചാൽ പ്രകൃതിയുടെ പരിണാമവും സ്വാഭാവികമാണെന്നു സമ്മതിക്കേണ്ടിവരും. അതിന്നദ്ദേഹം തയ്യാറില്ല: "പശു തിന്നുന്ന പുല്ലും മറ്റും മാത്രമേ പാലാകുന്നുള്ളൂ. വല്ലിടത്തും കളഞ്ഞുപോയതോ കാളയും മറ്റും തിന്നുന്നതോ ആയ പുല്ല് പാലാകുന്നില്ല. പുല്ല് കാരണം കൂടാതെ പാലാകുമെങ്കിൽ പശുവിന്റെ ശരീരത്തോടു ബന്ധപ്പെടാതെ തന്നെ അതു പാലാകേണ്ടതാണ്. അതിനാൽ പുല്ലിനും മറ്റുമെന്നപോലെ സ്വാഭാവികമാണ് പ്രധാനത്തിന്റെ പരിണാമം എന്നു പറയാൻ വയ്യ". [30]

കുരുടനും മുടന്തനും തമ്മിലുള്ള ഐക്യത്തിന്റെ ഉദാഹരണം പോലും ശങ്കരന് സ്വീകാര്യമല്ല. പുരുഷൻ ഉദാസീനനാണ്. പ്രധാനമാകട്ടെ, ജഡവും. രണ്ടും തമ്മിൽ യോജിപ്പിക്കാൻ മൂന്നാമതൊന്നില്ല താനും. ഈ സ്ഥിതിയിൽ പുരുഷനും പ്രധാനവും തമ്മിൽ ബന്ധമുണ്ടാവുകവയ്യ എന്നാണദ്ദേഹം പറയുന്നത്.

അചേതനമായ ജഡപ്രകൃതിക്ക് പ്രപഞ്ചത്തിന്റെ മൂലകാരണമാവാൻ കഴിയില്ലെന്നാണ് ശങ്കരന്റെ വാദങ്ങളുടെ ചുരുക്കം. ഛാന്ദോഗ്യോപനിഷത്തിന്റെ ഭാഷ്യത്തിൽ അദ്ദേഹം എഴുതി:

> "സാംഖ്യന്മാർ പ്രധാനത്തെ, അല്ലെങ്കിൽ പ്രകൃതിയെ, ജഗത്തിന്റെ കാരണമായി പറയുന്നു. ഇതു ശരിയല്ല. എന്തെന്നാൽ, പ്രധാനം അചേതനമാണെന്ന് അവർ തന്നെ സമ്മതിക്കുന്നുണ്ട്".

---

29. ടി. 2. 2. 5.
30. ടി. 2. 2. 7.

## 11 ചലനാത്മകമായ നിത്യസത്ത

പ്രധാനം അചേതനമാണെന്നു സമ്മതിക്കുക മാത്രമല്ല സാംഖ്യന്മാർ ചെയ്യുന്നത്; അചേതനമായ പ്രധാനം ജഗത്തിന്റെ കാരണമാകുന്നതെങ്ങനെ എന്നു വിവരിക്കുക കൂടി ചെയ്യുന്നു. പ്രധാനം അല്ലെങ്കിൽ മൂലപ്രകൃതി അചേതനം മാത്രമല്ല; സത്വരജസ്തമോഗുണങ്ങളോടുകൂടി ഭൗതികസത്തയാണത്. അതുകൊണ്ട് അത് നിശ്ചലമല്ല ചലനാത്മകമാണ്. അത് സഹജമായും സ്വാഭാവികമായും ഒന്നിൽ നിന്നു മറ്റൊന്നിലേക്ക് പരിണമിച്ചുകൊണ്ടിരിക്കുന്നു. പ്രാപഞ്ചികങ്ങളായ എല്ലാ പ്രതിഭാസങ്ങളും ഭൗതികസത്തയുടെ പരിണാമത്തിന്റെ ഫലങ്ങളാണ്. ഷെർബാത്സ്കി ചൂണ്ടിക്കാണിച്ചതുപോലെ, "ഒരിക്കലും നിശ്ചലമാവാത്തതും നിത്യവുമായ ഭൗതികസത്ത ഒന്നിൽ നിന്ന് മറ്റൊന്നായി പരിണമിക്കുന്നു എന്നത് സാംഖ്യദർശനത്തിലെ കരുത്തുറ്റ ഒരാശയമാണ്. മനുഷ്യചരിത്രത്തിലെ അതിപ്രാചീനമായ ഒരു കാലഘട്ടത്തിൽ ഒരിക്കലും നിശ്ചലമല്ലാത്ത, നിത്യമായ, ഭൗതികസത്തയെപ്പറ്റിയുള്ള ആശയം ഇത്രയും വ്യക്തമായി രൂപവൽക്കരിച്ച സാംഖ്യന്മാർ തീർച്ചയായും അഭിമാനാർഹരാണ്".

## കെ. ദാമോദരൻ



കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരളത്തിലെ സ്ഥാപകനേതാക്കളിൽ ഒരാളും മാർക്സിസ്റ്റ് സൈദ്ധാന്തികനും എഴുത്തുകാരനുമായിരുന്ന കെ. ദാമോദരൻ (ഫെബ്രുവരി 25, 1904–ജൂലൈ 3, 1976). മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ പൊറ്റൂർ ദേശത്ത് കീഴേടത്ത് എന്ന സമ്പന്ന നായർ കുടുംബത്തിൽ കിഴക്കിനിയേടത്ത് തുപ്പൻ നമ്പൂതിരിയുടേയും കീഴേടത്ത് നാരായണി അമ്മയുടേയും മകനായാണ് ദാമോദരൻ ജനിച്ചത്. കേരള മാർക്സ് എന്നാണ് അദ്ദേഹം വിശേഷിപ്പിക്കപ്പെട്ടിരുന്നത്. ‘പാട്ടബാക്കി’ എന്ന നാടകരചനയിലൂടെയും അദ്ദേഹം പ്രശസ്തനായി. കോഴിക്കോട് സാമൂതിരി കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ ദേശീയപ്രസ്ഥാനങ്ങളോട് ആകർഷിക്കപ്പെട്ടു. നിയമലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു.

കാശിവിദ്യാപീഠത്തിലെ പഠനകാലഘട്ടം മാർക്സിസ്റ്റ് ആശയങ്ങളോട് താൽപര്യം വർദ്ധിപ്പിച്ചു. തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനായാണ് കേരളത്തിൽ തിരിച്ചെത്തിയത്. പൊന്നാനി ബീഡിതൊഴിലാളി പണിമുടക്കിൽ പങ്കെടുത്ത് അറസ്റ്റ് വരിച്ചു. നവയുഗം വാരികയുടെ പത്രാധിപരായിരുന്നു. പാർട്ടി പിളർന്നപ്പോൾ സി. പി. ഐ.-യിൽ ഉറച്ചുനിന്നെങ്കിലും അവസാനകാലത്ത് പാർട്ടിയിൽ നിന്നും അകന്നു. ജവഹർലാൽ നെഹ്റു സർവ്വകലാശാലയിൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് ചരിത്രം തയ്യാറാക്കാനുള്ള പഠനത്തിനിടെ 1976 ജൂലൈ 3-ന് അന്തരിച്ചു. പദ്മം ജീവിതപങ്കാളിയായിരുന്നു.

# പിൻകുറിപ്പ്

- സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകൾ വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക് ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല. ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ് ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

## കെ ദാമോദരന്റെ സമ്പൂർണ്ണകൃതികൾ 5

### ഫോൺ പതിപ്പുകളുടെ കണ്ണികൾ


1. ഇന്ത്യയിലെ പ്രാചീനമനുഷ്യൻ
2. മന്ത്രവാദവും മതവും
3. തത്വചിന്തയുടെ തുടക്കം
4. ഉപനിഷത്തുകൾ
5. ചാതുർവർണ്യവും പുരുഷാർഥങ്ങളും
6. ദർശനങ്ങൾക്ക് ഒരു മുഖവുര
7. പ്രാചീനഭൗതികവാദികൾ
8. ലോകായതം
9. ബൗദ്ധദർശനത്തിന്റെ പ്രാരംഭഘട്ടം
10. ജൈനദർശനം
11. സാംഖ്യദർശനം
12. വൈശേഷികദർശനം
13. ന്യായദർശനം
14. യോഗദർശനം
15. മീമാംസ
16. പ്രാചീനവേദാന്തം
17. ഭഗവദ്ഗീത
18. നാടുവാഴിവ്യവസ്ഥയും ഹിന്ദുമതവും
19. ബൗദ്ധദർശനത്തിലെ ഉൾപ്പിരിവുകൾ
20. തന്ത്രമന്ത്രങ്ങളും ബുദ്ധമതത്തിന്റെ തകർച്ചയും
21. ദക്ഷിണേന്ത്യയിലെ പ്രാചീനചിന്തകളും ഹിന്ദുമതവും
22. അദ്വൈതവേദാന്തം


### വെബ് പതിപ്പ് കണ്ണികൾ


1. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 1
2. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 2
3. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 3
4. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 4
5. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 5
6. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 6
7. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 7
8. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 8
9. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 9
10. കെ ദാമോദരൻ: സമ്പൂർണ്ണകൃതികൾ ഭാഗം 10